(സി) സംസ്ഥാന പോലീസിന്റെ അന്വേഷണം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ)(ബി)&(സി) വടക്കൻമേഖല ഐ.ജി.യുടെ നേതൃത്വത്തിൽ കേസ്സ് ഊർജ്ജിതമായി അന്വേഷിച്ചുവരുന്നു.

100 (2411) കോൺഗ്രസ്സ് പ്രവർത്തകർ കാസർഗോഡ് നടത്തിയ അക്രമം

ശ്രീ. പി. രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2000 ഫെബ്രുവരി 15-ന് കോൺഗ്രസ്സ് (ഐ) പ്രവർത്തകർ കാസർഗോഡ് പട്ടണത്തിൽ നടത്തിയ ആക്രമണം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ അതു സംബന്ധിച്ച് എന്തെങ്കിലും കേസ്സ് രജിസ്റ്റർ ചെയ്തിട്ടുണ്ടോയെന്നും ഏതെല്ലാം വകുപ്പുകൾ പ്രകാരമാണ് കേസ്സുകൾ എന്നും വ്യക്തമാക്കുമോ;

(സി) ആക്രമണത്തിന്റെ ഫലമായി എന്തെല്ലാം നാശനഷ്ടമാണ് ഉണ്ടായത് എന്നും അതിൽ എത്ര രൂപയുടെ നഷ്ടമുണ്ടായി എന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇതു സംബന്ധിച്ച് കാസർഗോഡ് പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 87/2000 ആയി ഇന്ത്യൻ ശിക്ഷാ നിയമം 143, 147, 148, 353, 332, 308, 149-ാം വകുപ്പ് കൂട്ടി വായിച്ച് 427 എന്നീ വകുപ്പുകൾ പ്രകാരം കേസ്സ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഈ കേസ്സിലെ നാലുപ്രതികളെ അറസ്റ്റുചെയ്തിട്ടുമുണ്ട്.

(സി) പ്രസ്തുത ആക്രമണത്തിന്റെ ഫലമായി ബേഡകം പോലീസ് സബ് ഇൻസ്പെക്ടർക്ക് പരിക്കേൽക്കുകയും, കല്ലേറിൽ 'അൽജിലാനി' എന്ന മെഡിക്കൽ സ്റ്റോറിന് കേടുപാടുകൾ സംഭവിച്ചതിൽ പതിനായിരം രൂപയുടെ നാശനഷ്ടം ഉണ്ടാവുകയും ചെയ്തിട്ടുണ്ട്.

101 (2413) സംസ്ഥാനത്ത് നടന്ന ആത്മഹത്യകൾ

ശ്രീ. ഇ.എം. അഗസ്തി : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ഈ ഗവൺമെന്റ് അധികാരത്തിൽവന്നശേഷം ഇന്നുവരെ എത്ര ആത്മഹത്യകൾ നടന്നിട്ടുണ്ട്; ഇതിൽ സ്ത്രീകളെത്ര; പുരുഷൻമാരെത്ര; പട്ടികജാതി-പട്ടികവർഗ്ഗത്തിൽപ്പെടുന്നവരെത്ര എന്നുള്ള കണക്ക് ലഭ്യമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

ഈ ഗവൺമെന്റ് അധികാരത്തിൽവന്നശേഷം 34523 ആത്മഹത്യകൾ നടന്നു. ഇതിൽ 10661 പേർ സ്ത്രീകളും, 23862 പേർ പുരുഷൻമാരുമാണ്. ഇതിൽ പട്ടികജാതി-പട്ടികവർഗ്ഗത്തിൽപ്പെട്ട 3323 പേർ ഉണ്ട്.

102 (2414) അനിതയുടെ മരണം

ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1988 ഫെബ്രുവരി 6-ന് കൊടുവള്ളി പോലീസ് സ്റ്റേഷൻ അതിർത്തിയിലുള്ള കിഴക്കോത്ത് പഞ്ചായത്ത് വെളുത്തേടത്ത് വീട്ടിൽ അനിതയുടെ മരണത്തെക്കുറിച്ച് പോലീസിന് വിവരം ലഭിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത മരണത്തെക്കുറിച്ച് പോലീസ് അന്വേഷണം നടത്തിയിട്ടുണ്ടോ;

(സി) വിശദാംശം വെളിപ്പെടുത്തുമോ; അനിതയുടെ മരണത്തെത്തുടർന്ന് ആരുടെയെങ്കിലും പേരിൽ കേസ്സെടുത്തിട്ടുണ്ടോ; കേസ്സിന്റെ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ)&(ബി) ഉണ്ട്.

(സി) അനിതയുടെ മരണത്തിന് കൊടുവള്ളി പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 31/98/യു/സി അസ്വാഭാവിക മരണം ആയി കേസ്സ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിയിട്ടുള്ളതും, അന്വേഷണത്തിൽ അനിതയുടെ ഭർത്താവ് മുരളിയുടെ മാനസികവും ശാരീരികവുമായ പീഡനം മൂലമാണ് അനിത ആത്മഹത്യ ചെയ്തതെന്നും കേസ്സ് 498(എ) ഐ.പി.സി. പ്രകാരം സെക്ഷൻ മാറ്റി പ്രതി മുരളിയെ അറസ്റ്റ്ചെയ്ത് ജാമ്യത്തിൽ വിട്ടിട്ടുള്ളതും തുടർന്ന് പ്രതിയുടെ പേരിൽ 498(എ) ഐ.പി.സി. പ്രകാരം താമരശ്ശേരി ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ്സ് മജിസ്ട്രേറ്റ് കോടതിയിൽ കുറ്റപത്രം സമർപ്പിച്ചിട്ടുള്ളതുമാണ്.

103 (2416) പിറവം ഗ്രാമപഞ്ചായത്തിൽ നടന്ന പണാപഹരണം

ശ്രീ. ടി.എം. ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പിറവം ഗ്രാമപഞ്ചായത്തിൽ നടന്ന പണാപഹരണത്തെ സംബന്ധിച്ച് അന്വേഷണം നടത്തണമെന്നാവശ്യപ്പെട്ടുകൊണ്ട് വിജിലൻസ് പഞ്ചായത്ത് വകുപ്പിൽനിന്നും എന്തെങ്കിലും റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ;

(ബി) എന്നാണ് റിപ്പോർട്ട് ലഭിച്ചത്;

(സി) ഇതിൻമേൽ കേസ്സ് രജിസ്റ്റർ ചെയ്ത് അന്വേഷണം ആരംഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണമെന്താണ്;

(ഡി) പിറവം ഗ്രാമപഞ്ചായത്തിലെ ജനകീയാസൂത്രണവുമായി ബന്ധപ്പെട്ടുനടന്ന അഴിമതികളെക്കുറിച്ച് വിജിലൻസ് അന്വേഷണം നടത്തണമെന്നാവശ്യപ്പെട്ട് ആരുടെയെല്ലാം പരാതികൾ ലഭിച്ചിട്ടുണ്ട്;

(ഇ) ഇതിൻമേൽ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

LIBRARY ARCHIVES Kerala Legislative Assembly